(ബി) ഇതിന്റെ ഫലമായി കർഷകർക്കു എത്ര രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്;

(സി) ഇതുവരെ സഹായം ലഭിക്കാതിരുന്ന അർഹതയുള്ളവർക്കു ആ സഹായം നൽകുമോ?

ഉത്തരം

(എ) 302.4 ഹെക്ടർ സ്ഥലത്തു കൃഷി നാശം ഉണ്ടായി.

(ബി) 1,19,200 രൂപയുടെ നഷ്ടം ഉണ്ടായിട്ടുള്ളതായി കണക്കാക്കിയിരിക്കുന്നു.

(സി) സഹായം നൽകികൊണ്ടിരിക്കുകയാണ്.

പുതിയ മൃഗാശുപത്രികൾ

581 [839] ശ്രീ. കെ.കെ.എസ്. തങ്കം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം പുതുതായി മൃഗാശുപത്രികളോ, ഡിസ്പെൻസറികളോ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ മലപ്പുറം ജില്ലയിൽ ആരംഭിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എവിടെ?

ഉത്തരം

(എ, ബി, സി) ഈ സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്ന മൃഗാശുപത്രികളുടെ സ്ഥാന നിർണ്ണയം 9.10.1978-ൽ തന്നെ നടത്തിയിട്ടുണ്ട്. അതിൻപ്രകാരം മലപ്പുറം ജില്ലയിലെ മൃഗാശുപത്രി തഴക്കോട് പഞ്ചായത്തിലാണ്.

പുഞ്ചകൃഷിക്ക് കോട്ടയം, ആലപ്പുഴ ജില്ലകളിൽ കക്കാവിതരണം നടത്തുവാൻ തെരഞ്ഞെടുത്ത കോൺട്രാക്ടർ

582 [840] ശ്രീ. കെ.ജെ. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കൊല്ലം പുഞ്ചകൃഷിക്ക് സൗജന്യനിരക്കിൽ കോട്ടയം, ആലപ്പുഴ ജില്ലകളിൽ കക്കാവിതരണം നടത്തുവാൻ തെരഞ്ഞെടുത്ത കോൺട്രാക്ടർ ആര്;

(ബി) എത്ര കോൺട്രാക്ടറൻമാർ ടെൻഡർ സമർപ്പിച്ചിരുന്നു;

(സി) കുറഞ്ഞ നിരക്കിന് ടെൻഡർ സമർപ്പിച്ചിരുന്ന ആളിന് കോൺട്രാക്ട് നൽകാതെ കൂടിയ നിരക്കിന് ടെൻഡർവച്ച ആളിന് കോൺട്രാക്ട് നൽകി എന്ന ആക്ഷേപം ഉണ്ടായിട്ടുണ്ടോ;

(ഡി) കഴിഞ്ഞകൊല്ലം 1977-ൽ കോട്ടയം, ആലപ്പുഴ ജില്ലകളിൽ കക്കാവിതരണത്തിന് ടെൻഡർ നൽകിയ അവസരത്തിൽ ഉണ്ടായിരുന്ന നിബന്ധനകൾക്ക് ഇക്കൊല്ലം മാറ്റം വരുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly